## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 6678 — 09.07.2014-ൽ മറുപടിയ്ക്ക്

### ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനങ്ങളും നേരിടുന്ന വെല്ലുവിളികളും

**ചോദ്യം**
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കുന്ന ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | വിലയിരുത്തിയിട്ടുണ്ട്. വിവിധ തീയതികളിൽ ചേർന്ന യോഗങ്ങളിൽ ഗോത്രസാരഥി നടത്തിപ്പ്, പുരോഗതി വിവരം എന്നിവ വിലയിരുത്തിയിട്ടുണ്ട്. 2014-15 വർഷത്തിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെയാണ് അർഹമായ സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പര്യാപ്തമായിട്ടുള്ള ഫണ്ട് ലഭ്യമല്ല. കൂടാതെ ദുർഘടമേഖലയിൽ അല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്നും വാഹനങ്ങൾക്കായി ധാരാളംപേർ ആവശ്യപ്പെടുന്നുണ്ട്. ആയതിനാൽ ഏറ്റവും അർഹരായ കുട്ടികളെ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ? | സി) | 2014-15 വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് പുതിയ മാനദണ്ഡങ്ങളനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ